## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2331

23.03.2012-ൽ
മറുപടി നൽ കേണ്ടിയിരുന്നത്.

### ബി.ഇ.എം.എൽ-ലെ നിയമനങ്ങളെ സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ബി.ഇ.എം.എൽ എന്ന പൊതു മേഖല വ്യവസായ സ്ഥാപനത്തിൽ കേരളീയരായ ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;<br><br>(സി) കേരളീയർക്കുകൂടി തൊഴിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ), (ബി) & (സി)<br><br>ഇല്ല.<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.ഇ.എം.എൽ-ന്റെ യൂണിറ്റുകൾ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. ആയതിനാൽ തന്നെ രാജ്യത്തെ എല്ലാ പൗരനും തുല്യ തൊഴിലവകാശം ബി.ഇ.എം.എൽ നൽകിയിട്ടുണ്ട്. അതു കൂടാതെ, കേന്ദ്ര സർക്കാരിന്റെ SC/ST/OBC മുതലായ വിഭാഗങ്ങൾക്കുള്ള സംവരണ തത്വം ബി.ഇ.എം.എൽ ശരിയായ വിധത്തിൽ പാലിച്ചു വരുന്നുണ്ട്. |
| (ഡി) ബി.ഇ.എം.എൽ-ൽ ഇപ്പോൾ ജോലിക്കാരായി എത്രപേർ ഉണ്ടെന്നും അതിൽ കേരളീയരായിട്ടുള്ളവർ എത്ര പേരെന്നും വ്യക്തമാക്കാമോ ? | (ഡി) ബി.ഇ.എം.എൽ പാലക്കാട് യൂണിറ്റിൽ 351 റഗുലർ ഉദ്യോഗസ്ഥർ ഉണ്ട്. ഇതിൽ ഓഫീസർ ഗ്രേഡിലുള്ള 78 പേരിൽ 23 പേരും ബാക്കി 273 ജീവനക്കാരിൽ 57 പേരും കേരളീയരാണ്. |

സെക്ഷൻ ഓഫീസർ